## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് കുമാരി. ഷർമിന. സി യ്ക്ക് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ) നമ്പർ.617/2017/തസ്വഭവ തിരുവനന്തപുരം, തീയതി. 06/03/2017

---

പരാമർശം: 1) കുമാരി ഷർമിന.സി യുടെ 04.05.2016 ലെ ശൂന്യവേതനാവധിയപേക്ഷ.

2) പഞ്ചായത്ത് ഡയറക്ടറുടെ 24.06.2016, 24.11.2016 എന്നീ തീയതികളിലെ ഇ 6-16890/16 നമ്പർ കത്തുകൾ.

### ഉത്തരവ്

കണ്ണൂർ ജില്ലയിലെ മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് കുമാരി. ഷർമിന. സി യ്ക്ക് കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിലെ സർ സയ്യദ് കോളേജിൽ ഡിഗ്രി കോഴ്സ് പൂർത്തിയാക്കുന്നതിലേക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം 1 പ്രകാരം സമർപ്പിച്ച അവധിയപേക്ഷ പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2. കുമാരി. ഷർമിന. സി ആശ്രിത നിയമന പദ്ധതി പ്രകാരം 27.04.2016 ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾക്ക് കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിലെ സർ സയ്യദ് കോളേജിൽ ഡിഗ്രി കോഴ്സ് പൂർത്തിയാക്കുന്നതിലേക്കായി 01.06.2016 മുതൽ 31.05.2017 വരേക്കാണ് അപേക്ഷിച്ചിട്ടുള്ളത്. കണ്ണൂർ സർ സയ്യദ് കോളേജ് പ്രിൻസിപ്പൽ നല്കിയ കോഴ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് കുമാരി ഷർമിന.സി യ്ക്ക് കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിലെ സർ സയ്യദ് കോളേജിൽ ഡിഗ്രി കോഴ്സ് പൂർത്തിയാക്കുന്നതിലേക്ക് 01.06.2016 മുതൽ 31.05.2017 വരെ കെ എസ് ആർ ഭാഗം 1, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്കു വിധേയമായും ഇപ്രകാരം ഉണ്ടാകുന്ന ഒഴിവ് നികത്താൻ പാടുള്ളതല്ല എന്ന നിബന്ധനയിലും ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**വി.പി. ശ്രീജിത്ത്**

**ഗവ.അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

കുമാരി. ഷർമിന. സി, ക്ളാർക്ക്, മലപ്പട്ടം ഗ്രാമപഞ്ചായത്ത്, കണ്ണൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ധനവകുപ്പിന് ( 31.01.2017 ലെ 375486/ആർബി2/16/ധന നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ ഐ.കെ.എം ( വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)

വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)

ആഫീസ് പകർപ്പ് / കരുതൽ ഫയൽ( ഇപിഎ 1/130/16/തസ്വഭവ നമ്പർ ഫയൽ)

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ